## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3873</u>    <u>27.06.2012-ൽ മറുപടിക്ക്</u>

### <u>കക്കാറ്റിൽ അനുഭവപ്പെടുന്ന ശിശുമരണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിലെ 'കക്കാറ്റിൽ' പ്രദേശത്ത് (21-ാം വാർഡ്) ചുരുങ്ങിയ കാലയളവിനുള്ളിൽ നിരവധി നവജാത ശിശുക്കൾ മരിക്കുകയും ഗർഭം അലസിപ്പോകുന്ന അവസ്ഥയുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ആയതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ; | (ബി) | ഈ സംഭവം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യപ്രവർത്തകർ ബന്ധപ്പെട്ടവരുടെ വീടുകൾ സന്ദർശിച്ചിരുന്നു. മരണമടഞ്ഞ ഗർഭസ്ഥ ശിശുക്കളുടെ അമ്മമാർക്ക് ഗർഭസ്ഥ കാലയളവിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ഉൾപ്പെടെയുള്ള മറ്റ് ഗർഭസ്ഥ ശുശ്രൂഷകളും നൽകിയിരുന്നു. |
| (സി) | പ്രത്യേക പഠനസംഘത്തെ നിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | പ്രത്യേക പഠനസംഘത്തെ നിയോഗിച്ചിട്ടില്ല. പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ